| 06–03–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– ഇപ്പോള്‍ നിങ്ങളുടെ വാനപ്രസ്ഥ അവസ്ഥയാണ് എന്തുകൊണ്ടെന്നാല്‍ നിങ്ങള്‍ക്ക് വാണിയ്ക്ക് ഉപരി വീട്ടിലേയ്ക്ക് പോകണം, അതിനാല്‍ ഓര്‍മ്മയില്‍ ഇരുന്ന് പാവനമാകൂ.**

**ചോദ്യം–** ഉയര്‍ന്ന ലക്ഷ്യത്തിലെത്തിച്ചേരാന്‍ ഏതുകാര്യമാണ് തീര്‍ച്ചയായും ശ്രദ്ധിക്കേണ്ടത്?
**ഉത്തരം–** കണ്ണുകളെ ശ്രദ്ധിക്കൂ, ഇതാണ് ഏറ്റവും വലിയ ചതിയന്‍. ക്രിമിനല്‍ ദൃഷ്ടി വളരെയധികം നഷ്ടമുണ്ടാക്കും അതിനാല്‍ എത്ര സാധിക്കുമോ അത്രയും സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓര്‍മ്മിക്കൂ. സഹോദര– സഹോദരനാണ് എന്ന ദൃഷ്ടിയുണ്ടാക്കാന്‍ അഭ്യസിക്കൂ. അതിരാവിലെ ഉണര്‍ന്ന് ഏകാന്തമായിരുന്ന് തന്നോടുതന്നെ സംസാരിക്കൂ. ഭഗവാന്റെ ആജ്ഞയാണ്– മധുരമായ കുട്ടികളേ– കാമം മഹാശത്രുവാണ് അതിനാല്‍ വളരെ ശ്രദ്ധയോടെയിരിക്കൂ.

**ഓംശാന്തി**. മധുര മധുരമായ കുട്ടികള്‍ ഇത് മനസ്സിലാക്കിയിട്ടുണ്ടാകും എന്തുകൊണ്ടെന്നാല്‍ മനസ്സിലാക്കുന്നവര്‍ക്കേ ഇവിടേയ്ക്ക് വരാന്‍ കഴിയൂ. ഇവിടെ പഠിപ്പിക്കുന്നത് ഏതെങ്കിലും മനുഷ്യനല്ല. ഇവിടെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ഭഗവാനെയും തിരിച്ചറിയേണ്ടതുണ്ട്. ഭഗവാന്‍ എന്ന പേര് എത്ര ഉയര്‍ന്നതാണ് എന്നിട്ടും പറയുന്നു നാമരൂപങ്ങളില്‍ നിന്നും വേറിട്ടതാണെന്ന്. ഇപ്പോള്‍ പ്രായോഗികമായി വേറിട്ടതുപോലെയാണ്. ഇത്രയും ചെറിയ ബിന്ദുവാണ്, പറയുന്നുമുണ്ട് ആത്മാവ് നക്ഷത്രമാണെന്ന്. പക്ഷേ ആ നക്ഷത്രം ചെറുതൊന്നുമല്ല. ഈ ആത്മനക്ഷത്രമാണെങ്കില്‍ സത്യം സത്യമായും ചെറുതാണ്. അച്ഛനും ബിന്ദുവാണ്. അച്ഛന്‍ സദാ പവിത്രമാണ്. ബാബയ്ക്ക് മഹിമയുമുണ്ട് ജ്ഞാനസാഗരന്‍, ശാന്തിസാഗരന്‍........ ഇതില്‍ സംശയിക്കേണ്ട കാര്യമൊന്നുമില്ല. പാവനമായി മാറുന്നതാണ് മുഖ്യമായ കാര്യം. വികാരത്തിന്റെ പേരില്‍ തന്നെയാണ് വഴക്കുണ്ടാകുന്നത്. പാവനമായി മാറുന്നതിനായി പതിതപാവനനെ വിളിക്കുന്നു. എങ്കില്‍ തീര്‍ച്ചയായും പാവനമാകേണ്ടിവരും, ഇതില്‍ സംശയിക്കേണ്ടതില്ല. എന്തെല്ലാം കഴിഞ്ഞുപോയോ, വിഘ്നങ്ങള്‍ ഉണ്ടായോ, അതൊന്നും പുതിയ കാര്യമല്ല. അബലകളുടെമേല്‍ അത്യാചാരം ഉണ്ടാകും. മറ്റു സത്സംഗങ്ങളില്‍ ഇത്തരം കാര്യങ്ങള്‍ ഉണ്ടാകുന്നില്ല. എവിടെയും ബഹളങ്ങള്‍ ഉണ്ടാകുന്നില്ല. ഇവിടെ ബഹളമുണ്ടാകുന്നത് പ്രധാനമായും ഈ കാര്യത്തിലാണ്. അച്ഛന്‍ പാവനമാക്കി മാറ്റാന്‍ വന്നപ്പോള്‍ എത്ര ബഹളമാണ് ഉണ്ടാകുന്നത്. അച്ഛന്‍ ഇരുന്ന് പഠിപ്പിക്കുകയാണ്. അച്ഛന്‍ പറയുന്നു ഞാന്‍ വരുന്നത് തന്നെ വാനപ്രസ്ഥ അവസ്ഥയിലാണ്. വാനപ്രസ്ഥ അവസ്ഥ എന്ന നിയമവും ഇവിടെ നിന്നാണ് ആരംഭിച്ചത്. അതിനാല്‍ വാനപ്രസ്ഥ അവസ്ഥയില്‍ ഉള്ളവര്‍ തീര്‍ച്ചയായും വാനപ്രസ്ഥത്തിലല്ലേ ഇരിക്കുക. വാണിയ്ക്ക് ഉപരി പോകുന്നതിനുവേണ്ടി അച്ഛനെ പൂര്‍ണ്ണമായും ഓര്‍മ്മിച്ച് പാവനമായി മാറണം. പാവനമായി മാറാന്‍ ഒരു വഴിയേയുള്ളു. തിരിച്ച് പോകണമെങ്കില്‍ തീര്‍ച്ചയായും പാവനമായി മാറണം. എല്ലാവര്‍ക്കും പോവുകതന്നെവേണം. രണ്ടോ നാലോ പേര്‍ക്കല്ല പോകേണ്ടത്. മുഴുവന്‍ പഴയ ലോകത്തിനും പരിവര്‍ത്തനപ്പെടണം. ഈ ഡ്രാമയെ ആര്‍ക്കും അറിയില്ല. സത്യയുഗം മുതല്‍ കലിയുഗം വരെയുള്ള ഡ്രാമയുടെ ചക്രമാണിത്. അച്ഛന്‍ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓര്‍മ്മിക്കണം തീര്‍ച്ചയായും പാവനമായി മാറണം. അപ്പോഴേ നിങ്ങള്‍ക്ക് ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകാന്‍ കഴിയൂ. ഗതി സദ്ഗതി ദാതാവ് ഒരാളാണ് എന്ന് പാട്ടുമുണ്ട്. സത്യയുഗത്തില്‍ വളരെ കുറച്ചുപേരേ ഉണ്ടാകൂ മാത്രമല്ല അവര്‍ പവിത്രവുമായിരിക്കും. കലിയുഗത്തിലാണെങ്കില്‍ അനേകം ധര്‍മ്മമുണ്ട് പക്ഷേ അപവിത്രമായിരിക്കുന്നു. ഇത് വളരെ സഹജമായ കാര്യമാണ് മാത്രമല്ല അച്ഛന്‍ ആദ്യം തന്നെ പറഞ്ഞുതരുകയാണ്. അച്ഛന് അറിയാം ബഹളങ്ങള്‍ തീര്‍ച്ചയായും ഉണ്ടാകും. അഥവാ അറിയില്ലായിരുന്നുവെങ്കില്‍ എനിക്ക് ജ്ഞാനാമൃതം കുടിക്കാന്‍ പോകണമെന്നുപറഞ്ഞ് വീട്ടില്‍ നിന്നും സമ്മതപത്രം കൊണ്ടുവരണമെന്നുള്ള യുക്തി രചിച്ചത് എന്തിനുവേണ്ടിയാണ്. അറിയാമായിരുന്നു ഈ ബഹളങ്ങള്‍ ഉണ്ടാകുന്നതും ഡ്രാമയില്‍ അടങ്ങിയതാണ്. ആശ്ചര്യത്തോടെ നല്ലരീതിയില്‍ തിരിച്ചറിഞ്ഞ് ജ്ഞാനമെടുത്ത്, മറ്റുള്ളവര്‍ക്കും ജ്ഞാനം നല്‍കുന്നു എന്നിട്ടും അയ്യോ മായേ, അവരെ നീ തന്റെ നേര്‍ക്ക് പിടിച്ച് വലിക്കുന്നു. ഇതെല്ലാം ഡ്രാമയില്‍ അടങ്ങിയതാണ്. ഈ ഭാവിയെ ആര്‍ക്കും മാറ്റാന്‍ കഴിയില്ല. മനുഷ്യര്‍ കേവലം വിധിയെന്ന് പറയുക മാത്രം ചെയ്യുന്നു യാഥാര്‍ത്ഥ്യം അറിയുന്നില്ല. കുട്ടികളേ, ഇത് ശ്രേഷ്ഠമായ പഠിപ്പാണ്. കണ്ണുകള്‍ ഇത്ര വലിയ ചതിയന്മാരാണ്, കാര്യമേ ചോദിക്കേണ്ട. തമോപ്രധാന ലോകമാണ്, കോളേജില്‍ പോലും വളരെ മോശമാകുന്നു. വിദേശത്തെ കാര്യമാണെങ്കില്‍ ചോദിക്കുകയേ വേണ്ട. സത്യയുഗത്തില്‍ ഇങ്ങനെ ഒന്നും സംഭവിക്കില്ല. ലോകര്‍ പറയുന്നു സത്യയുഗം കഴിഞ്ഞിട്ട് ലക്ഷക്കണക്കിന് വര്‍ഷങ്ങളായി എന്ന്. ബാബ പറയുന്നു ഇന്നലെയാണ് നിങ്ങള്‍ക്ക് രാജ്യഭാഗ്യം നല്‍കിയിട്ട് ഞാന്‍ പോയത്, എല്ലാം നഷ്ടപ്പെടുത്തി.

ലൗകികത്തിലും അച്ഛൻ പറയാറുണ്ട് നിനക്ക് എത്രയും സമ്പത്ത് തന്നിരുന്നു, എല്ലാം നശിപ്പിച്ചുകളഞ്ഞു. ഇങ്ങനെയും കുട്ടികൾ ഇറങ്ങിത്തിരിച്ചിട്ടുണ്ട് സെക്കന്റിൽ മുഴുവൻ സമ്പത്തിനേയും പറത്തിക്കളയും. പരിധിയില്ലാത്ത അച്ഛനും പറയുന്നു ഞാൻ നിങ്ങൾക്ക് എത്ര ധനം തന്നിട്ടാണ് പോയത്, നിങ്ങളെ എത്ര യോഗ്യരാക്കി വിശ്വത്തിന്റെ അധികാരിയാക്കി മാറ്റിയിരുന്നു, ഇപ്പോൾ ഡ്രാമ അനുസരിച്ച് നിങ്ങളുടെ അവസ്ഥ എന്തായിരിക്കുന്നു! നിങ്ങൾ എന്റെ അതേ കുട്ടികളല്ലേ! നിങ്ങൾ എത്ര ധനവാന്മാരായിരുന്നു. ഇത് പരിധിയില്ലാത്ത കാര്യങ്ങളാണ് ഇതാണ് നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നത്. ഒരു കഥയുണ്ട് പുലി വരുന്നൂ, പുലി വരുന്നൂ എന്ന് ദിവസവും പറയുമായിരുന്നു. പക്ഷേ പുലി വന്നിരുന്നില്ല. ഒരു ദിവസം സത്യത്തിൽ പുലി വന്നു. നിങ്ങൾ പറയുന്നു മരണം വന്നിരിക്കുന്നു മരണം വന്നിരിക്കുന്നുവെന്ന് അപ്പോൾ അവർ പറയും ഇത് ദിവസവും പറയുന്നതല്ലേ വിനാശമാണെങ്കിൽ വരുന്നുമില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം ഒരു ദിവസം വിനാശമുണ്ടാവുകതന്നെ ചെയ്യും. അതിന്റെ കഥ പിന്നീട് ഉണ്ടാക്കിയതാണ്. പരിധിയില്ലാത്ത അച്ഛൻ പറയുന്നു ഇത് അവരുടെ ദോഷമല്ല. കല്പം മുമ്പും ഉണ്ടായിരുന്നു. 5000 വർഷത്തിന്റെ കാര്യമാണ്. ബാബയാണെങ്കിൽ അനേകം തവണ പറഞ്ഞിട്ടുണ്ട്– നിങ്ങൾ എഴുതുന്നുമുണ്ട് 5000 വർഷങ്ങൾക്കു മുമ്പും ഭാരതത്തിൽ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യാനായി ഇതുപോലെ മ്യൂസിയം തുറന്നിരുന്നു. വളരെ വ്യക്തമായി എഴുതൂ എങ്കിൽ വന്ന് മനസ്സിലാക്കും. ബാബ വന്നിരിക്കുന്നു. അച്ഛന്റെ സമ്പത്ത് സ്വർഗ്ഗീയ രാജധാനിയാണ്. ഭാരതം സ്വർഗ്ഗമായിരുന്നു. ആദ്യമാദ്യം പുതിയ ലോകത്തിൽ പുതിയ ഭാരതം സ്വർഗ്ഗമായിരുന്നു. സ്വർഗ്ഗമിപ്പോൾ നരകമാണ്. ഇത് വളരെ വലിയ പരിധിയില്ലാത്ത ഡ്രാമയാണ്, ഇതിൽ എല്ലാവരും അഭിനേതാക്കളാണ്. 84 ജന്മങ്ങളുടെ പാർട്ട് അഭിനയിച്ച് ഇപ്പോൾ നമ്മൾ തിരിച്ച് പോവുകയാണ്. ആദ്യം നമ്മൾ അധികാരികളായിരുന്നു ഇപ്പോൾ പാപ്പരായി മാറി. ഇന്ന് വീണ്ടും ബാബയുടെ ശ്രീമതപ്രകാരം നടന്ന് വീണ്ടും അധികാരിയാവുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ കല്പ കല്പം അച്ഛന്റെ ശ്രീമതം അനുസരിച്ച് നടന്ന് ഭാരതത്തെ സ്വർഗ്ഗമാക്കുന്നു. തീർച്ചയായും പാവനമായി മാറണം. പാവനമായി മാറുന്ന കാരണത്താൽ അത്യാചാരങ്ങൾ ഉണ്ടാകുന്നു. അച്ഛൻ കുട്ടികൾക്ക് വളരെ അധികം മനസ്സിലാക്കിത്തരുന്നു എന്നിട്ടും പുറത്ത് പോകുമ്പോൾ വിവേകശൂന്യരായിത്തീരുന്നു. ആശ്ചര്യത്തോടെ കേട്ടു, പറഞ്ഞു, ജ്ഞാനം നൽകി, അയ്യോ എന്റെ മായേ, എങ്ങനെയാണോ മുമ്പ് ഉണ്ടായിരുന്നത് അതുപോലെത്തന്നെയാവുന്നു അതിലും മോശമായി അധഃപതിക്കുന്നു. കാമവികാരത്തിൽ കുടുങ്ങി വീണുപോയി.

ശിവബാബ ഈ ഭാരതത്തെ ശിവാലയമാക്കി മാറ്റുന്നു അതിനാൽ കുട്ടികൾക്കും പുരുഷാർത്ഥം ചെയ്യണം. ഈ പരിധിയില്ലാത്ത ബാബ വളരെ മധുരമായ അച്ഛനാണ്. അഥവാ എല്ലാവരും അറിഞ്ഞാൽ വളരെ അധികം പേർ വന്നുചേരും. പഠിപ്പ് നടക്കില്ല. പഠിപ്പിന് ഏകാന്തത വേണം. പ്രഭാത സമയം എത്ര ശാന്തമായിരിക്കും. നമ്മൾ സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കുന്നു. ഓർമ്മിക്കാതെ വികർമ്മം എങ്ങനെ വിനാശമാകും? ഇതിലാണ് ശ്രദ്ധ മുഴുവൻ. ഇപ്പോൾ പതിതമായി പാപ്പരായിരിക്കുകയാണ് ഇനി വീണ്ടും പാവനവും കിരീടധാരിയുമായി എങ്ങനെ മാറും. അച്ഛൻ തീർത്തും സഹജമായ കാര്യമാണ് പറഞ്ഞുതരുന്നത്. ബഹളങ്ങൾ ഉണ്ടാകും. പേടിക്കേണ്ട കാര്യമില്ല. അച്ഛൻ തീർത്തും സാധാരണമാണ്. വസ്ത്രങ്ങളെല്ലാം പഴയതുപോലെത്തന്നെയാണ്. ഒരു വ്യത്യാസവുമില്ല. സന്യാസിമാരാണെങ്കിൽ വീടും കുടുംബവും ഉപേക്ഷിച്ച് കാഷായവസ്ത്രവും രുദ്രാക്ഷവും ധരിക്കും, ബ്രഹ്മാബാബയാണെങ്കിൽ പഴയതുപോലെത്തന്നെയാണ്. ബാബ പ്രവേശിച്ചു എന്നു മാത്രം മറ്റൊരു വ്യത്യാസവുമില്ല. എങ്ങനെയാണോ അച്ഛൻ മക്കളെ സ്നേഹത്തോടെ സംരക്ഷിക്കുന്നത്, പാലിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്നത് അതുപോലെ ബാബയും ചെയ്യുന്നു. അഹങ്കാരത്തിന്റെ ഒരു കാര്യവുമില്ല. വളരെ സാധാരണമായിരിക്കുന്നു. ബാക്കി താമസിക്കാൻ കെട്ടിടം തീർച്ചയായും ഉണ്ടാക്കേണ്ടിവരും. അതും സാധാരണം. നിങ്ങളെ പഠിപ്പിക്കുന്നത് പരിധിയില്ലാത്ത അച്ഛനാണ്. ബാബ കാന്തമാണ്. എന്താ ചെറിയ ആളാണോ! പെൺകുട്ടികൾ പവിത്രമാകുമ്പോൾ വളരെ സുഖം ലഭിക്കുന്നു, അവർ പറയുന്നു ഏതോ ശക്തിയാണെന്ന് പക്ഷേ ശക്തി എന്ന് ആരെയാണ് പറയുന്നത് ഇതറിയുന്നില്ല. സർവ്വശക്തിവാൻ ബാബയാണ്, ബാബ എല്ലാവരേയും അങ്ങനെയാക്കി മാറ്റുകയാണ്. പക്ഷേ എല്ലാവർക്കും ഒരുപോലെയാകാൻ സാധിക്കില്ല. അല്ലെങ്കിൽ പിന്നെ എല്ലാവരുടേയും സ്വഭാവം ഒരുപോലെയാകും. പദവിയും ഒന്നുതന്നെയാകും. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. 84 ജന്മങ്ങളിൽ നിങ്ങൾക്ക് കല്പം മുമ്പ് ലഭിച്ച അതേ 84 സ്വഭാവങ്ങളായിരിക്കും ലഭിക്കുക. അതേ സ്വഭാവം ലഭിച്ചുകൊണ്ടിരിക്കും. ഇതിൽ വ്യത്യാസം വരുക സാധ്യമല്ല. എത്രത്തോളം മനസ്സിലാക്കേണ്ടതും ധാരണ ചെയ്യേണ്ടതുമായ കാര്യങ്ങളാണ്. വിനാശം തീർച്ചയായും ഉണ്ടാകണം. വിശ്വത്തിൽ ഇപ്പോൾ ശാന്തിയുണ്ടാകില്ല. പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. മരണം തലയ്ക്കു മുകളിലുണ്ട്. ഡ്രാമ അനുസരിച്ച് ഒരു ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും മറ്റെല്ലാ ധർമ്മങ്ങളുടേയും വിനാശവും ഉണ്ടാകണം. ആറ്റോമിക്

ബോംബുകളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകും. വലിയ വലിയ കല്ലുകൾ ഇടിഞ്ഞുവീഴും ഇതിലൂടെ വലിയ വലിയ കെട്ടിടങ്ങളും തകർന്നടിയും. എത്ര ബലമുള്ള കെട്ടിടം നിർമ്മിച്ചാലും അടിത്തറ എത്ര ശക്തിയുള്ളത് ഉണ്ടാക്കിയാലും ശരി ഒന്നും ബാക്കിയുണ്ടാകില്ല. ഭൂകമ്പം വന്നാലും വീഴരുത് എന്നാണ് അവർ കരുതുന്നത്. പക്ഷേ എത്രയോക്കെ പറഞ്ഞാലും ശരി, 100 നിലകളുള്ളത് ഉണ്ടാക്കിയാലും ശരി വിനാശം ഉണ്ടാവുകതന്നെ വേണം. ഇതൊന്നും നിലനിൽക്കില്ല.

നിങ്ങൾ കുട്ടികൾ ഇവിടെ വന്നിരിക്കുന്നത് സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടാനാണ്. നോക്കൂ വിദേശത്ത് എന്തെല്ലാം കാര്യങ്ങളാണ്. ഇതിനെ രാവണന്റെ മടിത്തട്ട് എന്നാണ് പറയുന്നത്. മായ പറയുന്നു– ഞാനും ചെറുതല്ല. അവിടെയാണെങ്കിൽ വജ്രവും സ്വർണ്ണവും കൊണ്ടുള്ള കൊട്ടാരങ്ങൾ നിങ്ങൾക്കുണ്ടാവും. സ്വർണ്ണം കൊണ്ടുള്ളതായിരിക്കും എല്ലാ സാധനങ്ങളും. അവിടെ രണ്ടാം നിലയും മൂന്നാം നിലയും ഉണ്ടാക്കേണ്ട ആവശ്യമില്ല. ഭൂമിയ്ക്ക് ഒരു കുറവുമുണ്ടാകില്ല. എല്ലാം ഉണ്ടാകും. അതിനാൽ കുട്ടികൾ വളരെ അധികം പുരുഷാർത്ഥം ചെയ്യണം. എല്ലാവർക്കും സന്ദേശം നൽകണം. നല്ല നല്ല വഴികാട്ടികളായി കുട്ടികൾ റിഫ്രഷാകാൻ വരുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. വീണ്ടും വരും. ഇത്രയും പേർ വന്നിട്ടുണ്ട്, വീണ്ടും ഇവരെ കാണുമോ ഇല്ലയോ എന്ന് അറിയില്ല. ഇവർക്കെല്ലാം നിലനിൽക്കാൻ സാധിക്കുമോ അതോ ഇല്ലയോ? വളരെയധികം പേർ വന്നിട്ടുണ്ട്, പിന്നീട് ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഉപേക്ഷിച്ച് പോകുന്നു. എന്നിട്ട് എഴുതും ബാബാ ഞങ്ങൾ വീണുപോയി. സമ്പാദിച്ചു എന്നിട്ട് അതിനെ നഷ്ടപ്പെടുത്തി. പിന്നീട് ഇത്രയും ഉയരത്തിലെത്താൻ സാധിക്കില്ല. ഇതാണ് ഏറ്റവും വലിയ അവജ്ഞ. അവരാണെങ്കിൽ ആജ്ഞ പുറപ്പെടുവിക്കുന്നു– ഇന്ന സമയത്ത് ആരും പുറത്ത് ഇറങ്ങരുത്, അഥവാ ഇറങ്ങിയാൽ വെടിവെയ്ക്കും. അച്ഛനും പറയുന്നു വികാരത്തിലേയ്ക്ക് പോയാൽ വെടിയേല്ക്കും. ഭഗവാന്റെ ആജ്ഞയല്ലേ– വളരെ ശ്രദ്ധയോടെയിരിക്കണം. ഇന്നുകാലത്ത് ഗ്യാസുപോലെ ചില സാധനങ്ങൾ ഇറങ്ങിയിട്ടുണ്ട് മനുഷ്യൻ ഇരിക്കുന്ന ഇരുപ്പിൽ മരിക്കും. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയതാണ് എന്തെന്നാൽ അവസാന സമയത്ത് ആശുപത്രികളൊന്നും ഉണ്ടാകില്ല. പെട്ടെന്നുതന്നെ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ദുഃഖവും വേദനയും എല്ലാം ഇല്ലാതാകും. അവിടെ വേദനിപ്പിക്കുന്ന ഒരു കാര്യവും ഉണ്ടാകില്ല. ആത്മാവ് സ്വതന്ത്രമാണ്. ഏത് സമയത്ത് ആയുസ്സ് പൂർത്തിയാകുന്നുവോ അപ്പോൾ ശരീരം ഉപേക്ഷിക്കുന്നു. അവിടെ കാലൻ ഉണ്ടാകില്ല. രാവണൻ തന്നെയില്ല പിന്നെ കാലൻ എവിടെനിന്ന് വരാനാണ്. കാലൻ രാവണന്റെ ദൂതനാണ്, ഭഗവാന്റേതല്ല. ഭഗവാന്റെ കുട്ടികൾ വളരെ സ്നേഹികളാണ്. അച്ഛന് ഒരിയ്ക്കലും കുട്ടികളുടെ ദുഃഖം സഹിക്കാൻ സാധിക്കില്ല. ഡ്രാമ അനുസരിച്ച് കല്പത്തിന്റെ 3 ഭാഗം നിങ്ങൾ സുഖം അനുഭവിക്കുന്നു. ബാബ ഇത്രയും സുഖം നൽകുന്നു അതിനാൽ അച്ഛന്റെ ശ്രീമതം അനുസരിച്ച് നടക്കണം. ഇത് അന്തിമ ജന്മമാണ്, ബാബ പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ഈ അന്തിമജന്മത്തിൽ പവിത്രമാകണം. അച്ഛന്റെ ഓർമ്മയിലൂടെയാണ് വികർമ്മം വിനാശമാകുക. ജന്മ ജന്മാന്തരങ്ങളിലെ പാപം തലയിലുണ്ട്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി തീർച്ചയായും മാറണം. അച്ഛൻ സർവ്വശക്തിവാനാണ്, പരമാധികാരിയാണ്. ആരാണോ ശാസ്ത്രങ്ങൾ മുതലായവ പഠിച്ചിട്ടുള്ളത് അവരെ അധികാരി എന്നു പറയുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു എല്ലാത്തിന്റേയും അധികാരി ഞാനാണ്. ഞാൻ ഈ ബ്രഹ്മാശരീരത്തിലൂടെ വന്ന് മുഴുവൻ ശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. അല്ലാതെ ജലത്തിൽ സ്നാനം ചെയ്യുന്നതിലൂടെ എങ്ങനെ പാവനമാകും! എവിടെയെങ്കിലും അല്പം ജലം കണ്ടാൽ മതി അതും തീർത്ഥമാണെന്നു കരുതി ഉടനെ സ്നാനം ചെയ്യുന്നു. ഇതിനെയാണ് തമോപ്രധാനമായ നിശ്ചയം എന്നു പറയുന്നത്. നിങ്ങളുടേത് മാത്രമാണ് സതോപ്രധാനമായ നിശ്ചയം. അച്ഛൻ മനസ്സിലാക്കിത്തരുകയാണ്, ഇതിൽ പേടിക്കേണ്ട കാര്യമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1. ഭഗവാൻ പവിത്രമായി മാറുന്നതിനായി എന്ത് ആജ്ഞയാണോ നൽകിയിരിക്കുന്നത് അതിനെ ഒരിയ്ക്കലും അവജ്ഞ ചെയ്യരുത്. വളരെ വളരെ ശ്രദ്ധയോടെയിരിക്കണം. ബാപ്ദാദ രണ്ടുപേരുടേയും പാലനയുടെ പ്രതിഫലമായി പവിത്രമായിമാറി കാണിച്ചുകൊടുക്കണം.

2. ഡ്രാമയുടെ ഭാവി അചഞ്ചലമായി ഉണ്ടാക്കിയിരിക്കുന്നു, അതിനെ മനസ്സിലാക്കി സദാ നിശ്ചിന്തമായിരിക്കണം. വിനാശത്തിന് മുമ്പ് എല്ലാവർക്കും അച്ഛന്റെ സന്ദേശം നൽകണം.

**വരദാനം:- ജ്ഞാനാമൃതത്തിന് വേണ്ടി ദാഹിക്കുന്ന ആത്മാക്കളുടെ ദാഹം ശമിപ്പിച്ച് തൃപ്തരാക്കി മാറ്റുന്ന മഹാൻ പുണ്യാത്മാവായി ഭവിക്കട്ടെ.**

ദാഹിച്ച് വലയുന്ന ഏതെങ്കിലും ആത്മാക്കളുടെ ദാഹം അകറ്റുക എന്നത് മഹാപുണ്യമാണ്. വെള്ളം കിട്ടിയില്ലെങ്കിൽ ദാഹിച്ച് വലയുന്നു അതേപോലെ ജ്ഞാനാമൃതം ലഭിച്ചില്ലെങ്കിൽ ആത്മാക്കൾ ദു:ഖവും അശാന്തിയും കൊണ്ട് പിടഞ്ഞുകൊണ്ടിരിക്കുന്നു. അതിനാൽ അവർക്ക് ജ്ഞാനാമൃതം കൊടുത്ത് ദാഹം ശമിപ്പിക്കുന്നവരാകൂ. എങ്ങനെയാണോ ആഹാരം കഴിക്കാൻ സമയം കണ്ടെത്തുന്നത് എന്തുകൊണ്ടെന്നാൽ അത് ആവശ്യമാണ്, അതേപോലെ ഈ പുണ്യത്തിന്റെ കാര്യം ചെയ്യുന്നതും ആവശ്യകമാണ്. അതിനാൽ ഈ അവസരം ഉപയോഗപ്പെടുത്തണം, സമയം കണ്ടെത്തണം- അപ്പോൾ പറയാം മഹാൻ പുണ്യാത്മാവ്.

**സ്ലോഗൻ:- കഴിഞ്ഞുപോയതിന് ബിന്ദുവിട്ട് ധൈര്യത്തോടെ മുന്നേറൂ എങ്കിൽ ബാബയുടെ സഹായം ലഭിച്ചുകൊണ്ടിരിക്കും.**